II ഇ.ബി.XIV-കേരള നിയമസഭ/XI-2

## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ജൂൺ 5, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

5 (*31) പെട്രോൾ ഡീസൽ വില വർദ്ധനവ്

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, പെട്രോളിയം ഉല്പന്നങ്ങളുടെ വില ദിനംപ്രതി ഗണ്യമായി വർദ്ധിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇത് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിന് കാരണമാകുന്നതിനാൽ വിപണി ഇടപെടൽ നടത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. 31.05.2018-ലെ കണക്ക് പ്രകാരം ഒരു ലിറ്റർ പെട്രോൾ വിൽക്കുമ്പോൾ 18.51 രൂപ വില്പന

നികുതി ഇനത്തിലും ഒരു രൂപ അഡീഷണൽ വില്പന നികുതി ഇനത്തിലും 19 പൈസ സെസ്സ് ഇനത്തിലും ഒരു ലിറ്റർ ഡീസൽ വിൽക്കുമ്പോൾ 13.90 രൂപ വിൽപ്പന നികുതി ഇനത്തിലും ഒരു രൂപ അഡീഷണൽ വിൽപ്പന നികുതി ഇനത്തിലും 14 പൈസ സെസ്സ് ഇനത്തിലുമായി സംസ്ഥാന സർക്കാരിന് ലഭിക്കുന്നുണ്ടെന്നും 2017-18-ൽ പെട്രോൾ/ഡീസൽ വിൽപ്പനയിൽനിന്നും യഥാക്രമം 3226.91 കോടി രൂപയും 3823.3 കോടി രൂപയും സംസ്ഥാന സർക്കാരിന് വരുമാനമായി ലഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 01.06.2018 മുതൽ വില ഒരു രൂപയെങ്കിലും കുറയുന്ന രീതിയിൽ സംസ്ഥാന സർക്കാർ നികുതി കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും പെട്രോളിനെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് ബാധകമാക്കേണ്ടിവരുമെന്നും പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ഏർപ്പെടുത്തിയ അധിക നികുതി കുറയ്ക്കാൻ ഭരണ-പ്രതിപക്ഷ ഭേദമെന്യേ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ തയ്യാറാകണമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

6 (*32) വാണിജ്യ മേഖലയെ പ്രോത്സാഹിപ്പിക്കാൻ നടപടി

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) നൽകിയ മറുപടിയിൽ, 2017-ലെ വ്യവസായ വാണിജ്യ നയത്തിൽ (കരട് രേഖ) സംസ്ഥാനത്തെ ചെറുകിട വ്യാപാരമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക, ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന മേജർ ടെക് ഫെയറുകളിൽ സംസ്ഥാനത്തുനിന്നും സംരംഭക പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക, കേരളത്തിലെ നിക്ഷേപകർ/സംരംഭകർക്ക് ദേശീയ അന്തർദ്ദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക, ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉത്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക, വിദേശ നിക്ഷേപകർക്ക് ഫെസിലിറ്റേഷൻ സേവനങ്ങൾ ഏർപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്ന വാണിജ്യമിഷൻ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. വ്യാപാര രംഗത്ത് ബഹുരാഷ്ട്ര കുത്തകകളുടെ കടന്നുവരവ് പ്രതിസന്ധികൾക്ക് കാരണമാകുന്നതിനാൽ പ്രസ്തുത നയം തിരുത്തുന്നതിന് പൊതുജനങ്ങളുടേയും വ്യാപാരി സമൂഹത്തിന്റേയും പ്രതിഷേധം

ഉയർന്നുവരേണ്ടതാണെന്ന് മന്ത്രി അഭിപ്രായപ്പെട്ടു. കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴിയുടെ പ്രൊപ്പോസലിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി രൂപരേഖ തയ്യാറാക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന്റെ ഭാഗമായി തുടങ്ങിയിട്ടുള്ള ആഴ്ചചന്തകൾ കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ സംഘടിപ്പിക്കുന്ന കാര്യം ആലോചിക്കാവുന്നതാണെന്നും ചെറുകിട വ്യാപാര രംഗത്ത് പുത്തൻ ഉണർവ്വുണ്ടാക്കുന്നതിന് പുതിയ നിക്ഷേപ പദ്ധതികളും തകർന്ന സ്വകാര്യ സംരംഭകരെ പുനരുദ്ധരിക്കാൻവേണ്ടി ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ള പദ്ധതികളും നടപ്പിലാക്കുന്നതാണെന്ന് മന്ത്രി അറിയിച്ചു. എം.എസ്.എം.ഇ.-കളുടെ ഉല്പന്നങ്ങൾ സർക്കാർ സംവിധാനത്തിൽ വാങ്ങുന്നതിന് സിഡ്കോയെ ശക്തിപ്പെടുത്താനുള്ള പദ്ധതികളും ചെറുകിട മേഖലയിലെ വ്യാപാരികൾക്കായി ക്ഷേമനിധി രൂപീകരിക്കുന്ന കാര്യവും ആലോചിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

7(*33),(*39),(*45) <u>വിനോദസഞ്ചാര മേഖലയിലെ സുരക്ഷാ ക്രമീകരണങ്ങൾ</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) നൽകിയ മറുപടിയിൽ, കോവളം ടൂറിസം ഡെസ്റ്റിനേഷനിൽ വിദേശ വനിത മരണപ്പെട്ടതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കുന്നതിന് വേണ്ട മുൻകരുതലുകൾ സ്വീകരിക്കുന്നതിനുള്ള നടപടി പോലീസ് വകുപ്പുമായി ചേർന്ന് നടപ്പിലാക്കിവരുന്നുണ്ടെന്നും പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലെല്ലാം ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ് അസിസ്റ്റൻസ് സെന്ററുകൾ പ്രവർത്തനമാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും സഞ്ചാരികളെ ബോധവത്കരിക്കുന്നതിന് ഓരോ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും ടൂറിസം പോലീസുകാരായി സേവനമനുഷ്ഠിക്കുന്നു. കൂടുതൽ വനിതാ ടൂറിസം പോലീസിനെ അടിയന്തരമായി വിന്യസിക്കുന്നതിനും ടൂറിസം പോലീസിലെ എല്ലാ ഉദ്യോഗസ്ഥർക്കും കിറ്റ്സ് മുഖേന ആവശ്യമായ ട്രെയിനിംഗ്

നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അപകട സാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകൾ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടെന്നും ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദസഞ്ചാരികൾക്ക് ലൈഫ് ജാക്കറ്റ് അടക്കമുള്ള സുരക്ഷാ സംവിധാനങ്ങൾ ധരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സി.സി.ടി.വി. സംവിധാനം, നടപ്പാതകൾ, മെച്ചപ്പെട്ട പ്രകാശ സംവിധാനം എന്നിവ ഏർപ്പെടുത്തിവരുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. ഹോം സ്റ്റേ നടത്തിപ്പുമായി ബന്ധപ്പെട്ട് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് യോഗം വിളിക്കുന്നതാണെന്നും പോലീസ് പട്രോളിംഗ് ശക്തമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും അപകടങ്ങളോ ജീവഹാനിയോ സംഭവിക്കാൻ സാദ്ധ്യതയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്രത്യേക പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. സഞ്ചാരികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് 'ഗ്രീൻ കാർപ്പറ്റ് ' എന്ന നൂതന കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. 'ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം' കായൽ പ്രദേശങ്ങളിലെ ഹൗസ് ബോട്ടുകളിൽക്കൂടി നടപ്പിലാക്കുന്ന കാര്യം

പരിഗണനയിലാണ്. ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ടെന്നും ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷാ ഓഡിറ്റ് നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും അനധികൃതമായി പ്രവർത്തിക്കുന്ന മസാജ് സെന്ററുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. വനിതാ ടൂറിസ്റ്റുകൾക്ക് നേരെയുള്ള ചൂഷണം തടയാൻ ശക്തമായ നടപടി സ്വീകരിക്കുമെന്നും എല്ലാ പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനുകളിലും ടൂറിസം വാർഡന്മാരെ നിയോഗിക്കുന്ന കാര്യം പരിഗണനയിലാണെന്നും ടൂറിസ്റ്റുകളുമായി ഇടപെടുന്ന ഡ്രൈവർ, ഗൈഡ് തുടങ്ങിയവർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പരിസരങ്ങളിലെ ഹാബിച്വൽ ക്രിമിനൽസിനെ ഐഡന്റിഫൈ ചെയ്ത് ഒഴിവാക്കാനാവശ്യമായ നിർദ്ദേശം പോലീസിന് നൽകിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 445 മുതൽ 827 വരെയുള്ള ചോദ്യങ്ങളിൽ 95 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)